published on 2.2.16

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 388

# 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 388

# 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

120/2016.

# 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

സംയോജിത ശിശുവികസന സേവന പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ചതും പ്രവർത്തിച്ചുവരുന്നതുമായ അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംയോജിത ശിശുവികസന സേവന പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ചതും പ്രവർത്തിച്ചുവരുന്നതുമായ അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് എന്നു പേര് പറയാം.

(2) ഇത് 2015 നവംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ് " എന്നാൽ 10-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "അംശദായം" എന്നാൽ 4-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 17-ാം വകുപ്പ് പ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(സി) "അങ്കണവാടി വർക്കർ" എന്നാൽ ഒരു സെലക്ഷൻ കമ്മിറ്റിയാൽ തെരഞ്ഞെടുക്കപ്പെട്ടതോ അങ്കണവാടി ഹെൽപ്പർമാരിൽ നിന്ന് ഉദ്യോഗക്കയറ്റം ലഭിച്ചതോ ബാലവാടിയിൽ നിന്നോ അതുപോലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നോ സ്ഥലംമാറ്റം ലഭിച്ച് അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;

(ഡി) "അങ്കണവാടി ഹെൽപ്പർ" എന്നാൽ ഒരു സെലക്ഷൻ കമ്മിറ്റിയാൽ തെരഞ്ഞെടുക്കപ്പെട്ടതോ ബാലവാടിയിൽ നിന്നോ അതുപോലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നോ സ്ഥലംമാറ്റം ലഭിച്ച് അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എഫ്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജി) "അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ പ്രവർത്തക ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്ന് വരുകയോ ചെയ്യുന്ന ഒരു അങ്കണവാടി വർക്കറോ അങ്കണവാടി ഹെൽപ്പറോ എന്നർത്ഥമാകുന്നു;

(എച്ച്) "ആശ്രിതൻ" എന്നാൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമോ ശാരീരികമോ ആയ അവശത അനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛൻ അല്ലെങ്കിൽ അമ്മ എന്നർത്ഥമാകുന്നു;

(ഐ) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) "പ്രവർത്തക ക്ഷേമനിധി" എന്നാൽ 1992 ഏപ്രിൽ 10-ാം തീയതിയിൽ സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ജി.ഒ. (പി) നമ്പർ 12/92/സാ.ക്ഷേ.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച അങ്കണവാടി പ്രവർത്തകർക്കുള്ള ക്ഷേമനിധി എന്നർത്ഥമാകുന്നു;

(കെ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എം) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 15-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു;

(എൻ) "സംയോജിത ശിശുവികസന സേവന പദ്ധതി" എന്നാൽ ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനും സേവനത്തിനുമായി 1975 ഒക്ടോബർ 2-ാം തീയതി കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി എന്നർത്ഥമാകുന്നു;

(ഒ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു;

(പി) "അങ്കണവാടി കാര്യകർത്ത്യ ഭീം യോജന" എന്നാൽ അങ്കണവാടി വർക്കർമാർക്കും അങ്കണവാടി ഹെൽപ്പർമാർക്കും വേണ്ടി 2004 ഏപ്രിൽ 1-ാം തീയതി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു ഇൻഷ്വറൻസ് പദ്ധതി എന്നർത്ഥമാകുന്നു;

(ക്യൂ) "സെലക്ഷൻ കമ്മിറ്റി" എന്നാൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ, എന്നിവരെ തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റി എന്നർത്ഥമാകുന്നു.

3. <u>കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനം വഴി, "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച്, "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പും 17-ാം വകുപ്പും പ്രകാരമുള്ള അംശദായങ്ങൾ;

(ബി) 5-ാം വകുപ്പുപ്രകാരം വസൂലാക്കിയ അപേക്ഷാഫീസ്;

(സി) 18-ാം വകുപ്പ് പ്രകാരം കടം വാങ്ങിയ ഏതെങ്കിലും തുക;

(ഡി) ഏതെങ്കിലും സംഘടനയോ സ്ഥാപനമോ വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന;

(ഇ) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം;

(എഫ്) പ്രവർത്തക ക്ഷേമനിധിയിൽ നിലവിലുള്ള നീക്കിയിരിപ്പ് തുക;

(ജി) കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ;

(എച്ച്) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(ഐ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക;

(ജെ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് സ്രോതസ്സുകളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി, 10-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണനിർവ്വഹണം നടത്തേണ്ടതുമാണ്.

(5) നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) പത്ത് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഏതൊരംഗത്തിനും, അയാൾ സേവനം അവസാനിപ്പിക്കുമ്പോഴോ അനാരോഗ്യം കാരണം സേവനത്തിൽ തുടരാൻ കഴിയാതിരിക്കുമ്പോഴോ, അയാൾ അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന് ;

<u>വിശദീകരണം 1</u>.—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരംഗത്തിന്റെ പെൻഷൻ ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

<u>വിശദീകരണം 2</u>.—അഞ്ചു വർഷത്തിൽ കുറഞ്ഞ കാലയളവ് മാത്രം ക്ഷേമനിധിയിൽ അംശദായം അടച്ച ഒരംഗത്തിന് ജോലിയിൽ തുടരാനാകാതെ വരുന്ന സംഗതിയിൽ ആ അംഗം ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) (എ) ഖണ്ഡപ്രകാരം പെൻഷനും ആനുകൂല്യങ്ങൾക്കും അർഹനായ അംഗം മരിച്ചുപോയാൽ മരണപ്പെട്ട ആളിന്റെ ആശ്രിതന് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ;

(സി) അസുഖം ബാധിച്ച അംഗത്തിന് ചികിത്സാ ചെലവ് നല്കുന്നതിന് ;

(ഡി) അപകടം സംഭവിച്ച അംഗത്തിന് ചികിത്സാ ചെലവ് നൽകുന്നതിന് ;

(ഇ) ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒരംഗം മരിച്ചുപോയാൽ അത് മരണപ്പെട്ട ആളിൻെറ ആശ്രിതന് നൽകുന്നതിന് ;

(എഫ്) അഞ്ച് വർഷക്കാലമോ അതിലധികമോ തുടർച്ചയായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച ഒരംഗം സേവനം അവസാനിച്ച് പിരിഞ്ഞുപോകുമ്പോൾ ആ അംഗത്തിന് ക്ഷേമനിധിയിൽ അടച്ച തുകയും അതിന്റെ പലിശയും സർക്കാർ വിഹിതവും നൽകുന്നതിന് ;

(ജി) അംഗങ്ങളുടെ കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് ;

(എച്ച്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആവശ്യങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഐ) അംഗങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിനും സ്വന്തമായി വീടുള്ള അംഗത്തിന് വീട് പുതുക്കി പണിയുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വായ്പ നൽകുന്നതിന് ;

(ജെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറേറതെങ്കിലും ആവശ്യത്തിന്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്നു തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ പദ്ധതിക്ക് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>നിധിയിലേക്കുള്ള അംശദായം.</u>—(1) ക്ഷേമനിധിയിൽ അംഗമായ ഓരോ അങ്കണവാടി വർക്കറും പ്രതിമാസം ഇരുനൂറ് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) ക്ഷേമനിധിയിൽ അംഗമായ ഓരോ അങ്കണവാടി ഹെൽപ്പറും പ്രതിമാസം നൂറ് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(3) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ പരിഷ്ക്കരിക്കാവുന്നതാണ്.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ അംശദായം ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലോ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥൻെറ പേരിലോ നൽകേണ്ടതാണ്.

5. <u>നിധിയിലെ അംഗത്വം.</u>—(1) കേരളത്തിലെ അങ്കണവാടികളിൽ അങ്കണവാടി വർക്കർ ആയോ അങ്കണവാടി ഹെൽപ്പറായോ സ്ഥിരം നിയമനം ലഭിച്ച ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കപ്പെടുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയിട്ടില്ലാത്തപക്ഷം പാസ്സാക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാ ഫീസായി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തുക, അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിൽ അംഗമായി ചേരുന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കററും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം നൽകേണ്ടതും ഇതു സംബന്ധിച്ച ഒരു രജിസ്ററർ സൂക്ഷിക്കേണ്ടതുമാണ്.

(5) നിധിയിലെ ഒരംഗം സേവനം പൂർത്തിയാക്കുമ്പോഴോ രാജിവെച്ചൊഴിയുമ്പോഴോ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ ചെയ്യുമ്പോൾ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

6. <u>അംഗത്വം റദ്ദാക്കൽ.</u>—(1) ഒരു അംഗം, ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ട് വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, ബോർഡിനോ അതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കാവുന്നതാണ് :

എന്നാൽ അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഒരംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ, പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

7. <u>അംഗത്വം പുനരുജ്ജീവിപ്പിക്കൽ.</u>—6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറ് മാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

8. <u>അംഗങ്ങൾ ഇൻഷ്വറൻസ് പോളിസി എടുക്കണമെന്ന്.</u>—ഓരോ വർഷവും എല്ലാ ക്ഷേമനിധി അംഗങ്ങളും അങ്കണവാടി കാര്യകർത്ത്യ ഭീമ യോജന എന്നുപേരുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരേണ്ടതാണ്.

9. <u>പദ്ധതി ഭേദഗതി ചെയ്യൽ.</u>—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു

പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

10. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടി കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ, താഴെ വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അദ്ദേഹം ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) അങ്കണവാടി വർക്കർമാരെയും അങ്കണവാടി ഹെൽപ്പർമാരെയും പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ;

(iii) വനിതകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര അറിവും ആ വിഷയം കൈകാര്യം ചെയ്യുന്നതിന് വേണ്ടത്ര പ്രാപ്തിയും ഉള്ള ഒരു വിദഗ്ദ്ധൻ;

(iv) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ;

(v) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്;

(vii) ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്നുകരുതുന്ന ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർപേഴ്സണോ മറ്റേതെങ്കിലും അധികാര സ്ഥാനത്തിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

11. <u>ബോർഡിന്റെ യോഗം.</u>—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിന് വേണ്ടിയുള്ള ക്വാറം, ഏറ്റവും കുറഞ്ഞത് ചെയർപേഴ്സൺ ഉൾപ്പെടെ ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കേണ്ടതാണ്.

(3) ചെയർപേഴ്സൺ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗം ബോർഡ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ബോർഡ് യോഗത്തിന് മുമ്പാകെ വരുന്ന ഏതൊരു സംഗതിയും, യോഗത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യ വോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർപേഴ്സൺ അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

12. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ii)-ഉം (iii)-ഉം ഖണ്ഡങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ 2013 മാർച്ച് 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 94/2013/സാ.നീ.വ. പ്രകാരം രൂപീകരിച്ച കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡിലെ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും, സർക്കാർ ഉത്തരവ് നിലവിൽവന്ന തീയതി മുതൽ മൂന്ന് വർഷക്കാലം അല്ലെങ്കിൽ 10-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന ബോർഡ് പ്രാബല്യത്തിൽ വരുന്ന തീയതി വരെ, ഇതിൽ ഏതാണ് ആദ്യം വരുന്നത് അതുവരെ, ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായി നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവെയ്ക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാകുന്ന അംഗങ്ങളുടെ താത്കാലിക ഒഴിവുകളിൽ രാജിവെച്ചൊഴിഞ്ഞ അംഗം തുടർന്നിരുന്നുവെങ്കിൽ അയാൾക്ക് ലഭിക്കുമായിരുന്ന കാലയളവിലേക്ക് മാത്രം പുതിയ അംഗങ്ങളെ സർക്കാരിന് നിയമിക്കാവുന്നതാണ്.

(4) പൊതു താൽപ്പര്യാർത്ഥം ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

13. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും</u>.—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്ത നിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി അതിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ;

(ഡി) അദ്ദേഹം ബോർഡിലെ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കംചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

14. <u>ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.</u>—ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും എല്ലാ അംഗങ്ങൾക്കുമുള്ള യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

15. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും മറ്റ് ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കം സംബന്ധിച്ച വ്യവസ്ഥകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(3) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനോ ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

16. <u>നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.</u>—ഈ ആക്റ്റ് പ്രാബല്യത്തിൽവന്ന തീയതിയിൽ പ്രവർത്തക ക്ഷേമനിധിയിലെ ഒരംഗത്തിന്റെ കണക്കിലുള്ള തുക ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും അയാളുടെ കണക്കിൽ വരവ് വയ്ക്കപ്പെടേണ്ടതുമാണ്.

17. <u>സർക്കാരിന്റെ അംശദായം.</u>—ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ ക്ഷേമനിധിയിലേക്ക് അംശദായമായി നൽകേണ്ട തുകയുടെ അൻപത് ശതമാനത്തിന് തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണ്.

18. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

19. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതാണ്.

20. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

21. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, അതത് സമയം, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

22. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഏതുസമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി ഗവണ്മെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

23. നിധിയുടെ കണക്കുകളും ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

24. <u>വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.</u>—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, ഓരോ വർഷവും ജൂലൈ 31-ാം തീയതിക്കുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) സർക്കാർ, വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്പ്പിക്കേണ്ടതാണ്.

25. <u>സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.</u>—ഈ ആക്റ്റോ പദ്ധതിയോ അവയ്ക്ക് കീഴിലോ സർക്കാരോ ബോർഡോ ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

26. <u>സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.</u>—ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

27. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ഉണ്ടാക്കാവുന്നതാണ്.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

28. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം അതത് സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

29. നിലവിലുള്ള പ്രവർത്തക ക്ഷേമനിധി ഉത്തരവ് റദ്ദാക്കൽ.—(1) 1992 ഏപ്രിൽ 10-ാം തീയതി സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 12/92/സ.ക്ഷേ.വ. ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഉത്തരവ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

30. റദ്ദാക്കലും ഒഴിവാക്കലും.—(1) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2016-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (2) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ടരീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. അങ്കണവാടി വർക്കർമാരും അങ്കണവാടി ഹെൽപ്പർമാരും നിധിയിലേക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും അംശദായം ഏത് രീതിയിൽ വസൂലാക്കണമെന്നും.

4. 17-ാം വകുപ്പ് പ്രകാരം അംശദായം നിധിയിലേക്ക് വസൂലാക്കേണ്ട സമയവും രീതിയും.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകൾ ആഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ കണ്ടുകെട്ടലിന്റെയും പരമാവധി തുകയും.

9. ഒരംഗം, തന്റെയും തന്റെ കുടുംബത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതായ ഫാറം.

10. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ടതായ രജിസ്റ്ററുകളും രേഖകളും മറ്റ് ഫാറങ്ങളും.

12. പാസ് ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും അത് നൽകുകയും മാറ്റികൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം.

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ടതായ ഫീസ്.

14. 16-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റേയും വരവ് വയ്ക്കേണ്ടതിന്റേയും രീതി.

15. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

17. സേവനം അവസാനിച്ചതോ മറ്റ് കാരണങ്ങളാൽ സേവനത്തിൽ തുടരാൻ സാധിക്കാത്തതോ ആയിട്ടുള്ള അംഗങ്ങൾക്ക് അംശദായം അടച്ച വർഷത്തിന്റെ എണ്ണം അടിസ്ഥാനപ്പെടുത്തി അംഗങ്ങൾക്ക് നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

18. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഗർഭിണികൾ, അമ്മമാർ, 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവരുടെ വളർച്ചയും പരിപാലനവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ 1975 ഒക്ടോബർ മാസം 2-ാം തീയതി ആരംഭിച്ച പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. ഈ പദ്ധതി പുതുക്കി ഒരു മിഷൻ മാതൃകയിലാക്കി നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പ്രകാരമുള്ള പാക്കേജുകൾ-പോഷകാഹാരം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവെയ്പ്, ആരോഗ്യ പരിശോധന, റഫറൽസേവനം-അങ്കണവാടി വഴിയാണ് ലഭ്യമാക്കുന്നത്. കൂടാതെ, ഇന്ദിരാ ഗാന്ധി മാതൃത്വസഹയോഗ് യോജന, രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ്, കിശോരി ശക്തി യോജന, വീക്കിലി അയൺ ഫോളിക് ആസിഡ് സ്കീം, ഗ്രാമസഭ സംഘാടനം തുടങ്ങിയവയും സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭൗതികസാഹചര്യം ഉപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയും പരിപാടികളും നടപ്പാക്കുന്നതിൽ അങ്കണവാടി വർക്കറും അങ്കണവാടി ഹെൽപ്പറും സുപ്രധാന പങ്ക് വഹിക്കുന്നു. ഇവർ നിലവിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

1992-ൽ സർക്കാർ ഇവർക്കുവേണ്ടി ക്ഷേമനിധി നടപ്പിലാക്കിയെങ്കിലും ക്ഷേമനിധിയിലെ സഹായങ്ങൾ തുലോം തുച്ഛമായതും ആവശ്യങ്ങൾ നിറവേറ്റാൻ മതിയാകാത്തതുമാണ്. സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടതുമാണ്. ഇവർക്കായി ഒരു പെൻഷൻ പദ്ധതി ആരംഭിച്ചത് 2009-ൽ മാത്രമാണ്. നിലവിൽ നാമമാത്രമായ തുകയാണ് പെൻഷനായി നൽകിവരുന്നത്. ഇവയെല്ലാം കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതിയും പെൻഷൻ ആനുകൂല്യങ്ങളും വേഗത്തിലും ഉപകാരപ്രദമാകുന്ന രീതിയിലും ലഭ്യമാക്കുന്നതിന് നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, ഇവരുടെ ക്ഷേമത്തിനായി നിലവിൽ ആരംഭിച്ചിട്ടുള്ള അങ്കണവാടി ക്ഷേമനിധിയെ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമാക്കി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ തീരുമാനിക്കുക യുണ്ടായി.

2. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് കരുതിയതിനാലും 2015-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2015 സെപ്റ്റംബർ 29-ാം തീയതി, കേരള ഗവർണ്ണർ, 2015-ലെ 15-ാം നമ്പർ ഓർഡിനൻസായി വിളംബരപ്പെടുത്തുകയും ആയത്, 2015 സെപ്റ്റംബർ 29-ാം തീയതിയിലെ 2195-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2015 നവംബർ 30-ാം തീയതി ആരംഭിച്ച് 2015 ഡിസംബർ 17-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും 2016-ലെ കേരള അങ്കണവാടി വർക്കർ മാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2015 ജനുവരി 9-ാം തീയതി, കേരള ഗവർണ്ണർ, 2016-ലെ 5-ാം നമ്പർ ഓർഡിനൻസായി വിളംബരപ്പെടുത്തുകയും ആയത്, 2016 ജനുവരി 9-ാം തീയതിയിലെ 57-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയിൽ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം (1)-ഉം (2)-ഉം ഉപഖണ്ഡപ്രകാരം കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധിയിലേക്ക് ഓരോ വർക്കർ അംഗം പ്രതിമാസം 200 രൂപ വീതവും ഹെൽപ്പർ അംഗം പ്രതിമാസം 100 രൂപ വീതവും അംശദായം നൽകേണ്ടതാണ്. 17-ാം ഖണ്ഡം പ്രകാരം അംഗങ്ങൾ ഓരോ വർഷവും നിധിയിലേക്ക് അംശദായമായി നൽകുന്ന തുകയുടെ 50 ശതമാനത്തിന് തുല്യമായ തുക എല്ലാ വർഷവും സർക്കാർ അംശദായം ആയി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ക്ഷേമനിധിയിൽ അംഗങ്ങളാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന 33115 വർക്കർമാരും 33115 ഹെൽപ്പർമാരും ഓരോ വർഷവും ആകെ 11,92,14,000 രൂപ നിധിയിലേക്ക് അംശദായമായി അടയ്ക്കുമെന്ന് കണക്കാക്കുന്നു. അപ്രകാരമായാൽ, സർക്കാർ വർഷംതോറും ക്ഷേമനിധിയിലേക്ക് അംശദായമായി 5,96,07,000 രൂപ സഞ്ചിതനിധിയിൽ നിന്നും നൽകേണ്ടതായി വരും. നിലവിൽ, ഏപ്രിൽ 10, 1992-ലെ ജി.ഒ. (പി) നമ്പർ 12/92/സാ.ക്ഷേ.വ. പ്രകാരം കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി നടപ്പിലാക്കുന്നതിന് നിലവിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ തന്നെ പുതിയ ക്ഷേമനിധി പദ്ധതിയുടെ നടത്തിപ്പിന് വിനിയോഗിക്കുന്നതിനാൽ അധിക തസ്തിക സൃഷ്ടിക്കേണ്ട ആവശ്യം വരാത്തതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഈ കാര്യത്തിൽ ഉണ്ടാകുന്നതല്ല.

നിലവിൽ, അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധിയിലേക്കുള്ള അംശദായം യഥാക്രമം 30 രൂപയും 15 രൂപയുമാണ്. ഒരു വർഷത്തെ മൊത്തം അംശദായം ഏകദേശം 160 ലക്ഷം രൂപ വരും. ഇതിന് തുല്യമായ തുകയാണ് സർക്കാരിന്റെ അംശദായം. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധിയിലേക്കുള്ള അംശദായം യഥാക്രമം 200 രൂപയും, 100 രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ മൊത്തം വാർഷിക അംശദായം 11,92,14,000 രൂപ വരും. ഇതിന്റെ 50%-മായ 5,96,07,000 രൂപ സർക്കാർ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായി വരും. നിലവിൽ നൽകേണ്ടതായ 1,60,00,000 രൂപ കിഴിച്ച് ബാക്കി 4,46,07,000 രൂപ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയായി വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനപ്രകാരം കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി, ആക്റ്റ് പ്രാബല്യത്തിൽ വരുത്തുന്ന തീയതി നിശ്ചയിക്കുവാൻ ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

2. കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുവാൻ സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

3. നിധിയിലേക്കുള്ള അംശദായമായി അടയ്ക്കേണ്ടതായ തുക പരമാവധി തുകയ്ക്ക് വിധേയമായി വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത തുക ഏതു രീതിയിൽ അടയ്ക്കണമെന്നും നിർണ്ണയിക്കുന്നതിന് ബില്ലിലെ 4-ാം ഖണ്ഡം (3)-ഉം (4)-ഉം ഉപഖണ്ഡങ്ങൾ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷാഫാറം, ഫീസ്, അപേക്ഷിക്കാവുന്ന രീതി, അപേക്ഷ സ്വീകരിക്കൽ, തീരുമാനമെടുക്കൽ, അംഗങ്ങളുടെ രജിസ്ട്രേഷൻ, അംഗത്വം നിഷേധിക്കുന്നവർക്കുള്ള അപ്പീൽ അവകാശം, അംഗത്വം റദ്ദാക്കൽ, റദ്ദായ അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയവയുടെ രീതി എന്നിവ നിർണ്ണയിക്കുന്നതിന് യഥാക്രമം 5-ഉം 6-ഉം 7-ഉം ഖണ്ഡങ്ങൾ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. കേരള അങ്കണവാടി ക്ഷേമനിധി പദ്ധതിയിൽ, ഗസറ്റ് വിജ്ഞാപനംവഴി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

6. ഗസറ്റ് വിജ്ഞാപനംവഴി, 'കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

7. ഗസറ്റ് വിജ്ഞാപനംവഴി, ഏതൊരു ഔദ്യോഗിക അംഗത്തെയും ബോർഡിൽ നിന്നും നീക്കം ചെയ്യുവാൻ 12-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്ക വ്യവസ്ഥകളും മറ്റ് സേവന-വേതന വ്യവസ്ഥകളും നിർണ്ണയിക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷേമനിധിയിലേക്ക് കൈമാറാനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും 16-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി അന്വേഷണോദ്യോഗസ്ഥനെ നിയമിക്കുന്നതിന് 22-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

11. ക്ഷേമനിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ആഡിറ്റർമാരെ നിയമിക്കുന്നതിനും ആയതിന്റെ രീതി നിർണ്ണയിക്കുന്നതിനും 23-ാം ഖണ്ഡം സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

12. ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു പ്രാബല്യം നൽകുമ്പോൾ നേരിടുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബില്ലിലെ 27-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 28-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

14. ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങളോ പദ്ധതിയോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളെയോ വിശദാംശങ്ങളെയോ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന പദ്ധതികളും ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എം. കെ. മുനീർ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും അതിലെ വ്യവസ്ഥകളനുസരിച്ച് കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—ക്ഷേമനിധിയിൽ അംഗമാകുന്നവർ അടയ്ക്കേണ്ടതായ അംശദായ തുക നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—നിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള രീതിയും അപേക്ഷ സമർപ്പിക്കൽ, സ്വീകരിക്കൽ, നിരസിക്കൽ, അപ്പീൽ സമർപ്പിക്കൽ, അംഗത്വം നഷ്ടപ്പെടൽ, അപേക്ഷാ ഫീസ്, ഫീസ് അടയ്ക്കേണ്ട രീതി എന്നിവ നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—നിധിയിലെ അംഗത്വം റദ്ദാക്കൽ, റദ്ദാക്കിയതിനെതിരെയുള്ള അപ്പീൽ എന്നിവ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—നിധിയിലെ റദ്ദാക്കപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്ന ഒരാൾ അങ്കണവാടി കാര്യകർത്ത്യ ഭീം യോജന എന്ന ഇൻഷ്വറൻസിൽ അംഗത്വമെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനും അതിലെ അംഗങ്ങളെ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ബോർഡിന്റെ യോഗംചേരൽ, ആദ്ധ്യക്ഷ്യം, ക്വാറം, തീരുമാനമെടുക്കൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—ബോർഡ് അംഗങ്ങളുടെ കാലാവധി, രാജിവെയ്ക്കൽ, പകരം അംഗത്തെ നിയമിക്കൽ, അംഗങ്ങളെ നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യത, നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന നിധിയിലേക്ക് നിലവിലുള്ള ക്ഷേമനിധികളിൽ ഉള്ള തുക കൈമാറ്റം ചെയ്യപ്പെടുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—നിധിയിലേക്ക് സർക്കാർ നൽകേണ്ടതായ അംശദായം നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—നിധിയുടെ ആവശ്യങ്ങൾക്കായി ബോർഡ് കടം വാങ്ങുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സെർവന്റുമാർ ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ഉത്തമവിശ്വാസത്തിൽ ബോർഡിലെ അംഗമോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളോ ചെയ്ത പ്രവൃത്തികൾ സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ബോർഡിന് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും അന്വേഷണ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്റർമാരെ നിയമിക്കുന്നതിനും ആഡിറ്റ് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—നിധിയുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും സമർപ്പിക്കുന്നതിനും അത് നിയമസഭ മുമ്പാകെ വയ്ക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ബോർഡിന്, സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനും അധികാരം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—നിലവിലുള്ള ക്ഷേമനിധി ഉത്തരവ് റദ്ദാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—നിലവിലുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് റദ്ദാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

---